A2/56/2025-CLAD

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - ശ്രീനാരായണ അന്തർദേശീയ പഠനതീർത്ഥാടന കേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് അഞ്ചാം ഗഡു അനുവദിച്ചുത്തരവാകുന്നു.

---

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.9/2026/CLAD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
2. സ.ഉ.(സാധാ)നം.300/2025/സാം.കാ.വ. തീയതി, 23.05.2025
3. സ.ഉ.(സാധാ)നം.384/2025/സാം.കാ.വ. തീയതി, 14.07.2025
4. സ.ഉ.(സാധാ)നം.498/2025/സാം.കാ.വ. തീയതി, 29.08.2025
5. സ.ഉ.(സാധാ)നം.643/2025/സാം.കാ.വ. തീയതി, 03.11.2025
6. ശ്രീനാരായണ അന്തർദേശീയ പഠനതീർത്ഥാടന കേന്ദ്രം ഡയറക്ടറുടെ 10.11.2025 തീയതിയിലെ 24/SNISC/2021 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരത്തെ ശ്രീനാരായണ അന്തർദേശീയ പഠനതീർത്ഥാടന കേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷം പദ്ധതിയേതരയിനത്തിൽ 25,00,000/- രൂപ വകയിരുത്തിയട്ടുണ്ട്. ഈ സ്ഥാപനത്തിന് നാല് ഗഡുക്കളായി പരാമർശം (2) മുതൽ (5) വരെയുള്ള ഉത്തരവുകൾ പ്രകാരം 17,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും അഞ്ചാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന ഡയറക്ടർ പരാമർശം (6) കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീനാരായണ അന്തർദേശീയ പഠനതീർത്ഥാടന കേന്ദ്രത്തിന് 2025-26 സാമ്പത്തിക വർഷം "2205-00-102-32-00-36(NP) എന്ന ശീർഷകത്തിൽ പദ്ധതിയേതര വിഹിതമായി വകയിരുത്തിയ തുകയിൽ നിന്നും 2,60,000/- രൂപ (രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) അഞ്ചാം ഗഡുവായി റിലീസ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

3. പ്രസ്തുത തുക പരാമർശം (1) സർക്കുലറിലെ നിബന്ധനകൾ പ്രകാരം ശ്രീനാരായണ അന്തർദേശീയ പഠനതീർത്ഥാടന കേന്ദ്രത്തിന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള 701011400000200 എന്ന STSB അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ്

സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്. കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രവും വിശദമായ ചെലവ് വിവരവും പ്രതീക്ഷിത ചെലവ് വിവരവും, ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJANI M
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, ശ്രീനാരായണ അന്തർദേശീയ പഠനതീർത്ഥാടന കേന്ദ്രം, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, അനന്തവിലാസം കൊട്ടാരം, ഫോർട്ട്, ഫോർട്ട് പി.ഒ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (E 3143409/EDN-D1/62/2025-FIN dated 31.12.2025)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
സെക്ഷൻ ഓഫീസർ
Date: 03-01-2026 15:37:22